പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 159

# 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 17-11-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 159

# 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

1456/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 159

# 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

## 2000-ലെ കേരള സ്പോർട്സ് ആക്റ്റ് വീണ്ടും

## ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—2000-ലെ കേരള സ്പോർട്സ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ആഗസ്റ്റ് 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2000-ലെ കേരള സ്പോർട്സ് ആക്റ്റിലെ (2001 ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) (i)-ാം ഖണ്ഡം വിട്ടുകളയേണ്ടതും (i എ) ഖണ്ഡം (i)-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതുമാണ്;

(ബി) (ii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(സി) (iv എ) ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(ഡി) (viii)-ാം ഖണ്ഡത്തിൽ "ടൗൺ സ്പോർട്സ് കൗൺസിലിലെയോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ഇ) (xviii എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xviii എ) "സ്റ്റാൻഡിംഗ് കമ്മിറ്റി" എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;";

(എഫ്) (xxii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ,—

(i) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ നിലവിലുള്ള ഖണ്ഡത്തിന് "(എ)" എന്ന അക്ഷരം ഇടേണ്ടതും അപ്രകാരം അക്ഷരമിട്ട (എ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(ബി) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും അങ്ങനെയുള്ള ജില്ലാ സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം:

എന്നാൽ (എ), (ബി) എന്നീ ഇനങ്ങളിൽ അംഗമായി തെരഞ്ഞെടുത്തു വരുന്ന ഏതൊരാളും, അയാൾക്ക് എഴുപത് വയസ്സ് പൂർത്തിയായാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗമായി തുടരാൻ പാടുള്ളതല്ല.

(സി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയിൽ നിന്നും അങ്ങനെയുള്ള സർവ്വകലാശാലാ യൂണിയന്റെ ജനറൽ കൗൺസിൽ അംഗങ്ങൾ, സർവ്വകലാശാലാ ടീമുകളിലെ ക്യാപ്റ്റൻമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം;

(ഡി) സംസ്ഥാന നിയമസഭാംഗങ്ങൾ അവർക്കിടയിൽ നിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റ കൈമാറ്റ വോട്ടുമൂലം തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ;

(ഇ) സംസ്ഥാനത്തുള്ള മുനിസിപ്പൽ കോർപ്പറേഷനിലെ മേയർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ;

(എഫ്) സംസ്ഥാനത്തുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ;

(ജി) സംസ്ഥാനത്തുള്ള മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ;

(എച്ച്) സംസ്ഥാനത്തുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ;

(ഐ) സംസ്ഥാനത്തുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ.";

(ii) "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (എ) മുതൽ (ജി) വരെയുള്ള ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതും (എച്ച്) മുതൽ (കെ) വരെയുള്ള ഖണ്ഡങ്ങൾ (എ) മുതൽ (ഡി) വരെ പുനരക്ഷരം ചെയ്യേണ്ടതുമാണ് ;

(ബി) (4)-ാം ഉപവകുപ്പിൽ, "3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ പറയുന്ന അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരം "(3)-ാം ഉപവകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (എ), (ബി) എന്നീ ഇനങ്ങളിൽ പറയുന്ന അംഗങ്ങൾക്കിടയിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണ്" എന്നീ വാക്കുകളും അക്കവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(സി) (7)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ലിപ്തനിബന്ധനക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനയും വിശദീകരണവും ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (സി) ഇനത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെ ഉദ്യോഗകാലാവധി അദ്ദേഹത്തെ തെരഞ്ഞെടുത്ത തീയതി മുതൽ ഒരു വർഷക്കാലത്തേക്കായിരിക്കുന്നതാണ് .

<u>വിശദീകരണം</u>:—മേൽപ്പറഞ്ഞ ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള ഒരംഗം, പ്രസ്തുത ക്ലിപ്തനിബന്ധനയിൽ പറഞ്ഞിട്ടുള്ള ഒരു വർഷക്കാലയളവിനുള്ളിൽ സർവ്വകലാശാലാ ടീമിന്റെ ക്യാപ്റ്റൻ അല്ലാതായിതീർന്നെന്ന കാരണത്താൽ മാത്രം അപ്രകാരമുള്ള അംഗമല്ലാതായിത്തീരുന്നതല്ല.";

(ഡി) (8)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) ഏതൊരാളും ആകെ പത്ത് വർഷത്തിൽ കവിയുന്ന ഒരു കാലയളവിലേക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റായോ വൈസ് പ്രസിഡന്റായോ ഔദ്യോഗിക സ്ഥാനം വഹിക്കാൻ പാടുള്ളതല്ല.".

4. <u>4-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഒരുദ്യോഗസ്ഥനെ" എന്ന വാക്കിനു പകരം "ഒരു ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ കായിക യുവജനകാര്യാലയം ഡയറക്ടറെയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിൽ,—

(i) (i)-ാം ഖണ്ഡത്തിൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും" എന്നീ വാക്കുകൾക്കു പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഖണ്ഡത്തിൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡും" എന്നീ വാക്കുകൾക്കു പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (vi)-ാം ഖണ്ഡത്തിൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും" എന്നീ വാക്കുകൾക്കു പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്നീ വാക്കുകൾക്കു പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ,—

(i) (സിഎ) ഖണ്ഡവും ക്ലിപ്തനിബന്ധനയും വിട്ടുകളയേണ്ടതാണ്;

(ii) (ഡി) ഖണ്ഡത്തിൽ, "ടൗൺ സ്പോർട്സ് കൗൺസിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിനോ" എന്നീ വാക്കുകൾക്കുപകരം "സ്റ്റാൻഡിംഗ് കമ്മിറ്റിക്കോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. 6-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"6. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി.—(1) സർക്കാർ, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്;

(ബി) വൈസ് പ്രസിഡന്റ്;

(സി) സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി;

(ഡി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ);

(ഇ) പൊതുവിദ്യാഭ്യാസ ഡയറക്ടർ;

(എഫ്) ഡയറക്ടർ, സ്പോർട്സും യുവജനക്ഷേമവും;

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി;

(എച്ച്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിലുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും ഒരാൾ ജില്ലാ സ്പോർട്സ് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ പ്രതിനിധീകരിക്കുന്ന അംഗവും ഒരാൾ കോച്ചുകളെയും പ്രമുഖ കായിക താരങ്ങളെയും പ്രതിനിധീകരിക്കുന്ന അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗവും, ആയിരിക്കേണ്ടതാണ്.

(2) സ്റ്റാൻഡിംഗ് കമ്മിറ്റി മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(3) സ്റ്റാൻഡിംഗ് കമ്മിറ്റി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പൊതുവായ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

(4) സ്റ്റാൻഡിംഗ് കമ്മിറ്റി സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതാണ്.

(5) സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ ഒന്നും ഒരു എക്സ്-ഒഫിഷ്യോ അംഗവും ഉൾപ്പെടുന്നതാകുന്നു.''.

7. <u>9-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ, ''എക്സ്-ഒഫിഷ്യോ അംഗങ്ങൾ'' എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (ഡി) ഖണ്ഡത്തിൽ ''ആന്റ് റോഡ്സ്'' എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (ഐ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

''(ജെ) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യവും കുടുംബക്ഷേമവും);

(കെ) ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം).'';

(ബി) ''തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ'' എന്ന ശീർഷകത്തിൻ കീഴിൽ നിലവിലുള്ള ഖണ്ഡത്തിന് ''(എ)'' എന്ന അക്ഷരം ഇടേണ്ടതും അപ്രകാരം അക്ഷരമിട്ട (എ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനയും ഖണ്ഡങ്ങളും ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ (എ) ഖണ്ഡപ്രകാരം തെരഞ്ഞെടുത്തു വരുന്ന ഏതൊരാളും അയാൾക്ക്, എഴുപത് വയസ്സ് പൂർത്തിയായാൽ ജില്ലാ സ്പോർട്സ് കൗൺസിലിലെ അംഗമായി തുടരാൻ പാടുള്ളതല്ല.

(ബി) ജില്ലയ്ക്കുള്ളിലുള്ള മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ;

(സി) ജില്ലയ്ക്കുള്ളിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ;

(ഡി) ജില്ലയ്ക്കുള്ളിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന-അങ്ങനെയുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ എണ്ണം അൻപതിൽ കുറവാണെങ്കിൽ മൂന്നുപേരും അൻപതിൽ കൂടുതലാണെങ്കിൽ അഞ്ചുപേരും -അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും;

ആയിരിക്കേണ്ടതാണ്.";

(സി) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന്റെ (എ) ഖണ്ഡത്തിൻ കീഴിൽ നിലവിലുള്ള (ii) മുതൽ (v) വരെ ഇനങ്ങൾക്കു പകരം താഴെപ്പറയുന്ന ഇനം ചേർക്കേതാണ്, അതായത്:—

"(ii) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്നും ഒരാൾ.";

(ഡി) (4)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(4) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലും ആ കൗൺസിലിലെ അംഗങ്ങളുടെ ഇടയിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റും ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായോ വൈസ് പ്രസിഡന്റായോ തെരഞ്ഞെടുക്കപ്പെടുവാൻ 3-ാം വകുപ്പിലെ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ (ബി) ഖണ്ഡപ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജില്ലാ സ്പോർട്സ് കൗൺസിലിലെ ഒരു അംഗത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.";

(ഇ) (7)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) ഏതൊരാളും ആകെ പത്ത് വർഷത്തിൽ കവിയുന്ന ഒരു കാലയളവിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെയോ വൈസ് പ്രസിഡന്റിന്റെയോ ഔദ്യോഗികസ്ഥാനം വഹിക്കാൻ പാടുള്ളതല്ല.".

8. <u>10-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിൽ, "ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ," എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്.

9. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ജില്ലാ സ്പോർട്സ് കൗൺസിലിന്, അതിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും സെക്രട്ടറിയും 3-ാം വകുപ്പിലെ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ബി) ഖണ്ഡപ്രകാരം സംസ്ഥാന കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗവും, ജില്ലാ സ്പോർട്സ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങളും-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്- ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.".

10. <u>12-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

"ചെയർമാൻ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരം "പ്രസിഡന്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. <u>13-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "നിർണ്ണയിക്കപ്പെടാവുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്കു പകരം "ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "ചെയർമാൻ അതതുസമയം ഏൽപ്പിച്ചുകൊടുക്കുന്ന അദ്ദേഹത്തിന്റെ" എന്നീ വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) (2)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേതും പ്രസിഡന്റ് അതതുസമയം ഏൽപ്പിച്ചുകൊടുക്കുന്ന അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ്.".

12. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ, "അഞ്ചിൽ" എന്ന വാക്കിനു പകരം "മൂന്നിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(iv) കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെയും ഗ്രാമ സ്പോർട്സ് കൗൺസിലിന്റെയും കണക്കുകളും അക്കൗണ്ടുകളും പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യിക്കേണ്ടതും;";

(സി) (3)-ാം ഉപവകുപ്പിൽ, "ചെയർമാൻ" എന്ന വാക്കിനുപകരം "പ്രസിഡന്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

13. <u>അദ്ധ്യായം IV-ലെ ശീർഷകത്തിന്റെ ഭേദഗതി.</u>—അദ്ധ്യായം IV-ലെ ശീർഷകത്തിൽ "ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും," എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്.

14. <u>15-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(എ) (സി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ബി) (ഡി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(സി) (ഇ) ഖണ്ഡത്തിനുശേഷമുള്ള "രൂപീകരിക്കാവുന്നതാണ്" എന്ന വാക്കിനു പകരം "രൂപീകരിക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

15. <u>16-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "പോലീസ് കമ്മീഷണർ" എന്നീ വാക്കുകൾക്കു പകരം "അസിസ്റ്റന്റ് കമ്മീഷണറുടെ പദവിയിൽ കുറയാത്ത പോലീസ് ഓഫീസർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിൽ, "എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും)" എന്നീ വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് എൻജിനീയർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (എച്ച്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐ) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള ഹെൽത്ത് ഓഫീസർ.";

(iv) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (എ) ഖണ്ഡത്തിൽ, "മൂന്നംഗങ്ങൾ-അവരിലൊരാൾ വനിതയും" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അഞ്ച് അംഗങ്ങൾ-അവരിൽ കുറഞ്ഞത് രണ്ടുപേർ വനിതകളും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ "തെരഞ്ഞെടുക്കേണ്ടതും" എന്നീ വാക്കുകൾക്കു പകരം "മുനിസിപ്പൽ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ വൈസ് പ്രസിഡന്റായിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

16. <u>18-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(1) (സി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ;";

(2) (എച്ച്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐ) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള ഹെൽത്ത് ഓഫീസർ.";

(ii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (സി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ പ്രദേശത്തിനകത്തുള്ള രണ്ടു കായികാദ്ധ്യാപകർ, അവരിൽ ഒരാൾ കോളേജിൽ നിന്നും ഒരാൾ സ്കൂളിൽ നിന്നും ആയിരിക്കേണ്ടതാണ്.";

(iii) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (എ) ഖണ്ഡത്തിൽ "മൂന്നംഗങ്ങൾ-അവരിലൊരാൾ വനിതയും" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അഞ്ചംഗങ്ങൾ-അവരിൽ കുറഞ്ഞത് രണ്ടുപേർ വനിതകളും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും" എന്നീ വാക്കുകൾക്കു പകരം "മുനിസിപ്പൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ വൈസ് പ്രസിഡന്റായിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

17. 20-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

18. 21-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 21-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

19. 22-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

20. 23-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

21. 24-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (സി) ഖണ്ഡത്തിൽ, "സർക്കിൾ ഇൻസ്പെക്ടർ" എന്ന വാക്കുകൾക്കു പകരം "സബ് ഇൻസ്പെക്ടർ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ;";

(ബി) (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ വൈസ് പ്രസിഡന്റായിരിക്കുന്നതാണ്.".

22. 27-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലെ "ടൗൺ സ്പോർട്സ് കൗൺസിൽ" എന്ന വാക്കും വകുപ്പിലെ "ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും", എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്.

23. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(i) "ടൗൺ സ്പോർട്സ് കൗൺസിലിലെയും ബ്ലോക്ക് സ്പോർട്സ് കൗൺസിലിലെയും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) ക്ലിപ്തനിബന്ധനയിൽ, "ടൗൺ സ്പോർട്സ് കൗൺസിൽ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

24. 29-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 29-ാം വകുപ്പിൽ, (1) -ാം ഉപവകുപ്പിൽ,—

(i) "ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും," എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്;

(ii) "യോഗം ചേരേണ്ടതാണ്" എന്നീ വാക്കുകൾക്കുപകരം "യോഗം ചേരേണ്ടതും അതിൽ ഒന്ന് വാർഷിക യോഗമായിരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

25. 30-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"30. കൗൺസിലുകളും സ്പോർട്സ് താരങ്ങളും സ്പോർട്സ് സംഘടനകളും തമ്മിലുള്ള തർക്കങ്ങൾ തീർപ്പാക്കൽ.—(1) ഒരു ജില്ലയിലെ രണ്ടോ അതിലധികമോ സ്പോർട്സ് കൗൺസിലുകൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് കൗൺസിലും സ്പോർട്സ് താരവും തമ്മിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്പോർട്സ് താരങ്ങൾ തമ്മിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്പോർട്സ് സംഘടനകൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് സംഘടനയും സ്പോർട്സ് താരവും തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് സംഘടനയും ജില്ലയ്ക്കകത്തുള്ള ഏതെങ്കിലും സ്പോർട്സ് കൗൺസിലും തമ്മിലോ ഈ ആക്റ്റിലെയോ അതിൻ കീഴിലുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരമുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് ഒരു തർക്കം ഉത്ഭവിക്കുന്നപക്ഷം അങ്ങനെയുള്ള തർക്കം തീർപ്പാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഒരു ജില്ലാ സ്പോർട്സ് കൗൺസിൽ ഈ ആക്റ്റോ അതിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ എടുക്കുന്ന ഏതെങ്കിലും ഒരു തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സ്പോർട്സ് സംഘടനക്കും സ്പോർട്സ് ക്ലബ്ബിനും സ്പോർട്സ് കൗൺസിലിനും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിൻമേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

26. 31-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 31-ാം വകുപ്പിൽ,—

(എ) (1എ) ഉപവകുപ്പിൻ കീഴിൽ,—

(i) (iv)-ാം ഖണ്ഡത്തിലെ ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ട് വർഷം അല്ലെങ്കിൽ 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്കുശേഷം എൺപത് വയസ്സ്" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രാക്കറ്റുകൾക്കും പകരം "ആകെ പന്ത്രണ്ട് വർഷം അല്ലെങ്കിൽ എഴുപത് വയസ്സ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (iv)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"<u>വിശദീകരണം:</u>— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, ഭാരവാഹി എന്നാൽ,—

(i) പ്രസിഡന്റ്;

(ii) വൈസ് പ്രസിഡന്റ്;

(iii) ജനറൽ സെക്രട്ടറി/സെക്രട്ടറി/ഓണററി ജനറൽ സെക്രട്ടറി അല്ലെങ്കിൽ തത്തുല്യമായ ഏതെങ്കിലും ഉദ്യോഗം;

(iv) ജോയിന്റ് സെക്രട്ടറി/ഓണററി ജോയിന്റ് സെക്രട്ടറി അല്ലെങ്കിൽ തത്തുല്യമായ ഏതെങ്കിലും ഉദ്യോഗം;

(v) ട്രഷറർ/ഓണററി ട്രഷറർ

"എന്നർത്ഥമാകുന്നു.";

(iii) (xvi)-ാം ഖണ്ഡത്തിൽ, "സ്പോർട്സ് കൗൺസിലിന്റെ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(iv) (xx)-ാം ഖണ്ഡത്തിൽ, "സെക്രട്ടറിമാർ സംസ്ഥാനതലത്തിലെങ്കിലും" എന്നീ വാക്കുകൾക്കു പകരം "സംസ്ഥാന സെക്രട്ടറിമാരും ജില്ലാ സെക്രട്ടറിമാരും യഥാക്രമം കുറഞ്ഞത് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഉപവകുപ്പിൽ, "നാൽപ്പത്തിയഞ്ച്" എന്ന വാക്കിനു പകരം "മുപ്പത്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) (3)-ഉം (4)-ഉം ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്;

(ഡി) (5)-ാം ഉപവകുപ്പിൽ,—

(i) "(2)-ാം ഉപവകുപ്പു പ്രകാരമോ (4)-ാം ഉപവകുപ്പു പ്രകാരമോ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകളും അക്കവും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ii) "രജിസ്റ്റർ ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾക്കുശേഷം "അല്ലാത്തപക്ഷം പ്രസ്തുത സ്പോർട്സ് സംഘടനയെ, അതതു സംഗതിപോലെ, അപേക്ഷ നിരസിച്ച വിവരം ഒരു മാസത്തിനുള്ളിൽ അറിയിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (6)-ാം ഉപവകുപ്പിൽ, "യഥാക്രമം ജില്ലാതല തർക്കപരിഹാര സമിതിയിൽ അഥവാ സംസ്ഥാന തർക്കപരിഹാര സമിതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "അപ്പലേറ്റ് ട്രൈബ്യൂണലിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് സഹിതം അപ്പീൽ ബോധിപ്പിക്കാവുന്നതും അതിൻമേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(എഫ്) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(7) ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പ്രദേശത്ത് മാത്രം പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക്, അതതുസംഗതിപോലെ, ബന്ധപ്പെട്ട കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലോ ഗ്രാമ സ്പോർട്സ് കൗൺസിലിലോ ഒരു സ്പോർട്സ് ക്ലബ്ബായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരു അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് സഹിതം ബന്ധപ്പെട്ട സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്.

(9) (8)-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട സ്പോർട്സ് കൗൺസിൽ പരിഗണിക്കേണ്ടതും രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം, പ്രസ്തുത സ്പോർട്സ് ക്ലബ്ബ് രജിസ്റ്റർ ചെയ്യേണ്ടതും അല്ലാത്തപക്ഷം അപേക്ഷ നിരസിച്ചുകൊണ്ടുള്ള വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(10) (9)-ാം ഉപവകുപ്പ് പ്രകാരം എടുത്ത ഒരു തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(11) സ്പോർട്സ് സംഘടനയുടെ രജിസ്ട്രേഷൻ സംബന്ധിച്ചും അങ്ങനെയുള്ള രജിസ്ട്രേഷൻ പിൻവലിക്കുന്നത് സംബന്ധിച്ചും ഉള്ള വ്യവസ്ഥകളും നിബന്ധനകളും, അപ്രകാരം രജിസ്ട്രേഷൻ നൽകുന്നതിനായി ജില്ലാ സ്പോർട്സ് കൗൺസിലും സംസ്ഥാന സ്പോർട്സ് കൗൺസിലും പാലിക്കേണ്ട നടപടിക്രമവും അപ്രകാരം രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകൾക്കുള്ള പ്രത്യേകാനുകൂല്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.".

27. 31 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 31 എ വകുപ്പിൽ, (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഈ വകുപ്പ് പ്രകാരം ഏതെങ്കിലും ഒരു സംഘടനയുടെ അംഗീകാരം റദ്ദാക്കപ്പെട്ടാൽ, ബന്ധപ്പെട്ട കായിക ഇനത്തിൽ ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾ, അങ്ങനെയുള്ള സംഘടനയുടെ കേന്ദ്ര ഫെഡറേഷനുമായി കൂടിയാലോചിച്ച് സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സംഘടിപ്പിക്കാവുന്നതാണ്.".

28. 31 ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 31 എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"31 ബി. മത്സരങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അനുമതി.—ഒരു അംഗീകൃത സ്പോർട്സ് സംഘടനയല്ലാത്ത ഏതൊരു സ്പോർട്സ് സംഘടനയും, അവർ പ്രതിനിധാനം ചെയ്യുന്ന കായിക ഇനത്തിൽ ജില്ലാതല, സംസ്ഥാനതല കായിക മത്സരങ്ങൾ സംസ്ഥാനത്ത് നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നേടിയിരിക്കേണ്ടതാണ്.".

29. 32-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ, "ജില്ലാതല തർക്കപരിഹാര സമിതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

30. 37-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ, "ടൗൺ സ്പോർട്സ് കൗൺസിൽ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ബി) (1)-ാം ഉപവകുപ്പിലെ "ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

31. 38-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 38-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ "ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

32. 41-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 41-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ വിജ്ഞാപനം വഴി,—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലും ഒരു ജില്ലാ സ്പോർട്സ് കൗൺസിലും തമ്മിലും;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിലും ഒരു സ്പോർട്സ് താരവും തമ്മിലും;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലും സ്പോർട്സ് സംഘടനകളും തമ്മിലും;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകൾ തമ്മിലും;

ഉള്ളതും, ഈ ആക്റ്റ് പ്രകാരം തീർപ്പാക്കേണ്ടതുമായ ഏതെങ്കിലും തർക്കമോ പ്രശ്നമോ മറ്റേതെങ്കിലും സംഗതിയോ തീർപ്പാക്കുന്നതിനും ഈ ആക്റ്റ് പ്രകാരം തീർപ്പാക്കേണ്ട അപ്പീലുകളിന്മേൽ തീരുമാനം എടുക്കുന്നതിനുമായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.".

33. <u>42-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 42-ാം വകുപ്പിൽ, "ജില്ലാതല തർക്ക പരിഹാര സമിതിയോ സംസ്ഥാന തർക്ക പരിഹാര സമിതിയോ അപ്പലേറ്റ് ട്രൈബ്യൂണലോ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾക്കു പകരം "അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

34. <u>45-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 45-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ, "ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ," എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്;

(ബി) (ഇ) ഖണ്ഡത്തിൽ, "ടൗൺ സ്പോർട്സ് കൗൺസിൽ,ബ്ലോക്ക് സ്പോർട്സ് കൗൺസിൽ," എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്;

(സി) (ജി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയുടെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ സെക്രട്ടറിമാരുടെയും ജില്ലാ സ്പോർട്സ് കൗൺസിൽ നിർവ്വാഹക സമിതിയുടെയും അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും;".

35. <u>പ്രത്യേക വ്യവസ്ഥ.</u>—പ്രധാന ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലോ റെഗുലേഷനിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും

വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2018-ലെ 42) മൂലം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകളും മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകളും ഗ്രാമ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും നിലവിലുള്ള സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകളും മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകളും ഗ്രാമ സ്പോർട്സ് കൗൺസിലുകളും പിരിച്ചുവിടപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

36. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2018-ലെ 47) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും വേണ്ടിയാണ് 2000-ലെ കേരള സ്പോർട്സ് ആക്റ്റ് (2001-ലെ 2) പാസാക്കിയിട്ടുള്ളത്. എന്നാൽ, പ്രസ്തുത ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിനായി ആക്റ്റിലെ വ്യവസ്ഥകളിൽ ചില പോരായ്മകൾ ഉള്ളതായി സർക്കാർ കരുതുന്നു.

പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്നതിലൂടെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും രൂപീകരണവും പ്രവർത്തനവും കൂടുതൽ ജനാധിപത്യപരമാകുന്നതും കേരള സംസ്ഥാന സ്പോർട്സ് നയത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതുമാണ്.

കായികരംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രവർത്തനം ഏകീകൃതവും സ്വതന്ത്രവും സുതാര്യവുമാക്കുന്നതിനും കൂടി വേണ്ടിയാണ് ഈ ഭേദഗതി. സ്പോർട്സ് കൗൺസിലുകളിലെയും മറ്റു കായിക സംഘടനകളുടെയും ഭാരവാഹികളായി

കായിക രംഗത്തുള്ളവരെ കൊണ്ടുവരുന്നതിനും ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നു. സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ, അംഗങ്ങൾ എന്നിവരുടെ ഔദ്യോഗിക കാലാവധി, പ്രായപരിധി എന്നിവ സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു. നിയമാനുസൃതം അംഗീകാരമില്ലാത്തതോ വ്യാജമായതോ ആയ കായിക സംഘടനകൾ സംഘടിപ്പിക്കുന്ന കായികമത്സരങ്ങൾ തടയുന്നത് ലക്ഷ്യമാക്കിക്കൊണ്ട് പ്രസ്തുത ആക്റ്റിൽ പുതിയ വകുപ്പ് ഉൾപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡം (ഡി) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും തെരഞ്ഞെടുക്കുന്ന രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 11-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 25-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 30-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 26-ാം ഖണ്ഡം (ഇ) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 31-ാം വകുപ്പ് (6)-ാം ഉപവകുപ്പ്, അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 26-ാം ഖണ്ഡം (എഫ്) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 31-ാം വകുപ്പ് (8)-ാം ഉപവകുപ്പ്, സ്പോർട്സ് ക്ലബ് രജിസ്റ്റർ ചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 26-ാം ഖണ്ഡം (എഫ്) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 31-ാം വകുപ്പ് (10)-ാം ഉപവകുപ്പ്, ജില്ലാ സ്പോർട്സ് കൗൺസിൽ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്ന രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 26-ാം ഖണ്ഡം (എഫ്) ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 31-ാം വകുപ്പ് (11)-ാം ഉപവകുപ്പ്, സ്പോർട്സ് സംഘടനയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലും സംസ്ഥാന സ്പോർട്സ് കൗൺസിലും പാലിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 27-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 31 എ വകുപ്പ് (4)-ാം ഉപവകുപ്പ്, ഒരു സ്പോർട്സ് സംഘടനയുടെ അംഗീകാരം റദ്ദാക്കപ്പെട്ടാൽ ബന്ധപ്പെട്ട കായിക ഇനത്തിൽ ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 28-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 31 ബി വകുപ്പ്, അംഗീകൃത സ്പോർട്സ് സംഘടനയല്ലാത്ത സ്പോർട്സ് സംഘടനകൾ മത്സരങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അനുമതി നേടുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 29-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ്, സ്പോർട്സ് താരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 32-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 41-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, ഈ ആക്റ്റ് പ്രകാരം തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ പ്രശ്നമോ സംബന്ധിച്ച അപ്പീലുകളിന്മേൽ തീരുമാനം എടുക്കുന്നതിനായി, വിജ്ഞാപനം വഴി, ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രമല്ല, അപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങളും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ. പി. ജയരാജൻ

## 2000-ലെ കേരള സ്പോർട്സ് ആക്റ്റിൽ (2001-ലെ 2) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) "അഡ്മിനിസ്ട്രേറ്റീവ് ബോർഡ്" എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ച, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് എന്നർത്ഥമാകുന്നു;

(iഎ) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നാൽ 41-ാം വകുപ്പ് പ്രകാരം രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു;

(ii) "ബ്ലോക്ക് സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനു വേണ്ടി 15-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട ബ്ലോക്ക് സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

*** *** *** *** ***

(ivഎ) "ജില്ലാതല തർക്കപരിഹാര സമിതി" എന്നാൽ 30-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല തർക്കപരിഹാര സമിതി എന്നർത്ഥമാകുന്നു;

*** *** *** *** ***

(viii) "അംഗം" എന്നാൽ, സന്ദർഭത്തിന് അനുയോജ്യമായി, സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ജില്ലാ സ്പോർട്സ് കൗൺസിലിലേയോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലേയോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലേയോ ടൗൺ സ്പോർട്സ് കൗൺസിലിലേയോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലേയോ ഗ്രാമ സ്പോർട്സ് കൗൺസിലിലേയോ, അംഗം എന്നർത്ഥമാകുന്നു;

*** *** *** *** ***

(xviiiഎ) "സംസ്ഥാന തർക്കപരിഹാര സമിതി" എന്നാൽ 30-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന തർക്കപരിഹാര സമിതി എന്നർത്ഥമാകുന്നു;

*** *** *** *** ***

(xxii) "ടൗൺ സ്പോർട്സ് കൗൺസിൽ" എന്നാൽ, ഒരു ടൗൺ പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ടൗൺ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

*** *** *** *** ***

3. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരണവും ഘടനയും.—(1) സർക്കാർ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗം, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി "കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ" എന്ന് വിളിക്കപ്പെടുന്ന ഒരു സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

***　　***　　***　　***　　***

(3) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

***　　***　　***　　***　　***

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

ഓരോ അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയിൽ നിന്നും, അങ്ങനെയുള്ള സംഘടനയിലെ അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം.

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,—

(എ) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രതിനിധിയായി ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻമാർ നൽകുന്ന മൂന്ന് പേരിൽ കുറയാത്ത പാനലിൽ നിന്നുള്ള ഒരംഗം വീതം;

(ബി) നിയമസഭാ സാമാജികരിൽ നിന്നുള്ള അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(സി) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരിൽ നിന്നുള്ള ഒരംഗം;

(ഡി) സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാരിൽ നിന്നുള്ള ഒരംഗം;

(ഇ) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരംഗം;

(എഫ്) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരംഗം;

(ജി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരംഗം;

(എച്ച്) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിന്നുള്ള നാല് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ;

(ഐ) ദേശീയ അന്തർദേശീയ നിലവാരമുള്ള കായികതാരങ്ങളെ വാർത്തെടുത്ത അല്ലെങ്കിൽ തങ്ങളുടെ നേട്ടങ്ങൾക്ക് രാജ്യത്തിന്റെ അംഗീകാരം ലഭിച്ച സ്പോർട്സ് കോച്ചുകൾക്കിടയിൽ നിന്നുള്ള രണ്ട് സ്പോർട്സ് കോച്ചുകൾ;

(ജെ) അംഗീകൃത അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ രാജ്യത്തെ പ്രതിനിധീകരിച്ച കായിക താരങ്ങളിൽ നിന്നുള്ള നാല് പ്രമുഖ കായിക താരങ്ങൾ; അവരിൽ രണ്ടുപേർ വനിതകൾ ആയിരിക്കേണ്ടതാണ്;

(കെ) സംസ്ഥാനത്തെ സ്പോർട്സ് ജേർണലിസ്റ്റുമാരിൽ നിന്നുള്ള രണ്ടുപേർ.

(4) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, സ്പോർട്സിലും ഗെയിംസിലും താൽപ്പര്യമുള്ള, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റും 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ശീർഷകത്തിൻ കീഴിൽ പറയുന്ന അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണ്.

*** *** *** *** ***

(7) ഈ ആക്റ്റിലെയും, അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന സ്പോർട്സ് കൗൺസിലിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളല്ലാത്ത ഓരോ അംഗവും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അടുത്ത പുനഃസംഘടന വരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു പ്രത്യേക നികായത്തിലെ അംഗമെന്ന നിലയിലോ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആളെന്ന നിലയിലോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തെരഞ്ഞെടുക്കപ്പെട്ടതോ ആയ ഏതൊരംഗവും, അങ്ങനെയുള്ള അംഗമോ, ഉദ്യോഗം വഹിക്കുന്ന ആളോ അല്ലാതായതിനുശേഷം മൂന്നുമാസക്കാലയളവിനുള്ളിൽ വീണ്ടും അങ്ങനെയുള്ള അംഗമാകാത്തപക്ഷം, അതിനുശേഷം അംഗമായി തുടരാൻ പാടുള്ളതല്ല.

(8) യാതൊരാളും, മൂന്ന് തവണകളിൽ കൂടുതൽ അംഗമായി തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.

4. <u>സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി.</u>—(1) സർക്കാർ, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമായി കൂടിയാലോചിച്ച ശേഷം, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.

*** *** *** *** ***

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി,—

(i) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും അതിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും പ്രമേയങ്ങൾ നടപ്പിൽ വരുത്തേണ്ടതും;

(ii) പ്രസിഡന്റും, അഡ്മിനിസ്ട്രേറ്റീവ് ബോർഡും ഏൽപ്പിച്ചുകൊടുക്കുന്ന ചെലവുകൾ ചെയ്യേണ്ടതും;

*** *** *** *** ***

(vi) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും യോഗങ്ങളുടെയും നടപടിക്രമങ്ങളുടെയും രേഖകൾ സൂക്ഷിക്കേണ്ടതും;

*** *** *** *** ***

(4) സെക്രട്ടറി അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ അനുമതിയോടെ താൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായി രേഖാമൂലമുള്ള ഉത്തരവുമൂലം തന്റെ ഏതെങ്കിലും ചുമതലകൾ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഏത് ഉദ്യോഗസ്ഥനും ഏല്പിച്ചുകൊടുക്കാവുന്നതാണ്.

5.സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ചുമതലകളും അധികാരങ്ങളും പ്രവർത്തനങ്ങളും.—(1) ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഇതിലെ വ്യവസ്ഥകൾ നടപ്പിലാക്കേണ്ട ചുമതല സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ സംസ്ഥാന സ്പോർട്സ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

*** *** *** *** ***

(സിഎ) സർക്കാരിൽ നിന്നോ അതിൻ കീഴിലുള്ള ഏതെങ്കിലും ഏജൻസികളിൽ നിന്നോ ഉള്ള ധനസഹായത്താൽ നിർമ്മിച്ചിട്ടുള്ള, ജില്ലാ സ്പോർട്സ് കൗൺസിലിലോ അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റേതെങ്കിലും സംഘടനയോ സ്വന്തമാക്കിയിട്ടുള്ളതോ കൈവശം വച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്റ്റേഡിയമോ, കളിസ്ഥലമോ, തുറസ്സായ സ്ഥലമോ, നീന്തൽക്കുളമോ മറ്റ് സ്ഥിരമായ കളിസൗകര്യമോ നവീകരിക്കുന്ന ആവശ്യത്തിനുവേണ്ടിയോ അവ നിലവിലെ കൈവശക്കാർ ശരിയായി കൈകാര്യം ചെയ്യുകയോ നടത്തിക്കൊണ്ടുപോകുകയോ ചെയ്യുന്നില്ല എങ്കിലോ അവയുടെ പരിപാലനത്തിനോ മാനേജ്മെന്റിനോ അല്ലെങ്കിൽ രണ്ടിനും കൂടി വേണ്ടിയോ, അല്ലെങ്കിൽ സൗകര്യങ്ങൾ പരിഷ്കരിക്കുകയോ മാറ്റങ്ങൾ വരുത്തുകയോ ചെയ്യുന്നത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അനുമതി കൂടാതെ സ്പോർട്സുമായി ബന്ധപ്പെട്ടതല്ലാത്ത മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയോ ആണെങ്കിൽ അവയുടെ നടത്തിപ്പ് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്:

എന്നാൽ, അപ്രകാരം ഏറ്റെടുക്കുന്നതിന് മുമ്പായി ഇതിലേക്കായി സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തിപ്പിക്കേണ്ടതും അന്വേഷണത്തിന്റെ ഭാഗമായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയശേഷം അവർക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകേണ്ടതുമാണ്.

***　　***　　***　　***　　***

(ഡി) സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന ടൂർണ്ണമെന്റുകളും മത്സരങ്ങളും പരിശീലനകോഴ്സുകളും സെമിനാറുകളും, കോച്ചിംഗ് കേന്ദ്രങ്ങളും, പ്രദർശനങ്ങളും, പര്യടനങ്ങളും മറ്റ് ഇനങ്ങളും കൗൺസിൽ നേരിട്ടോ അല്ലെങ്കിൽ ജില്ലാ സ്പോർട്സ് കൗൺസിലോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലോ ടൗൺ സ്പോർട്സ് കൗൺസിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലോ ഗ്രാമ സ്പോർട്സ് കൗൺസിലോ വഴി നടത്തുകയോ സംഘടിപ്പിക്കുകയോ അഥവാ അവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയോ ചെയ്യുക;

***　　***　　***　　***　　***

(3) സംസ്ഥാന സ്പോർട്സ് കൗൺസിലിന് അത് പ്രത്യേകം പറയുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിനോ അതിന്റെ പ്രസിഡന്റിനോ സെക്രട്ടറിക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

6. <u>സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ്.</u>—(1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡ് സർക്കാർ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ്;

(സി) ഗവൺമെന്റ് സെക്രട്ടറി, കായിക യുവജനകാര്യവകുപ്പ് അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന, ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത, ഒരു ഉദ്യോഗസ്ഥൻ;

(ഡി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ) അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന, ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത, ഒരു ഉദ്യോഗസ്ഥൻ;

(ഇ) ഡയറക്ടർ, കായിക വകുപ്പ്;

(എഫ്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിലെ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ;

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എ) ഇനത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(എച്ച്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എച്ച്) ഇനത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(ഐ) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (ജെ) ഇനത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ജെ) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി, അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(2) അഡ്മിനിസ്ട്രേറ്റീവ് ബോർഡ് കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(3) അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പൊതുവായ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

(4) അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതാണ്.

<u>കുറിപ്പ്</u>:—അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ ഒന്നും ഒരു എക്സ്-ഒഫീഷ്യോ അംഗവും ഉൾപ്പെടുന്നതാകുന്നു.

*** *** *** *** ***

9. <u>ജില്ലാ സ്പോർട്സ് കൗൺസിൽ</u>.—(1) സർക്കാർ, ഈ ആക്റ്റ് പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമായതോ നൽകപ്പെട്ടതോ ആയ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി, വിജ്ഞാപനം വഴി സംസ്ഥാനത്തെ ഓരോ ജില്ലയിലും "ജില്ലാ സ്പോർട്സ് കൗൺസിൽ" എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

*** *** *** *** ***

(3) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

*** *** *** *** ***

(ഡി) പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ് ആന്റ് റോഡ്സ്);

*** *** *** *** ***

(ഐ) പബ്ലിക് റിലേഷൻസ് വകുപ്പിലെ ജില്ലാ ഓഫീസർ.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

ഏതെങ്കിലും അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയുടെ ഒരു യൂണിറ്റായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഓരോ അംഗീകൃത ജില്ലാ സ്പോർട്സ് സംഘടനയും അതിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ അംഗം വീതം.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,—

*** *** *** *** ***

(ii) ജില്ലയിലുള്ള മേയർ അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർക്കിടയിൽ നിന്നുള്ള ഒരാൾ;

(iii) ജില്ലയിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരാൾ;

(iv) ജില്ലയിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന്, അവരുടെ ആകെ എണ്ണം അൻപതോ അതിൽ കുറവോ ആണെങ്കിൽ മൂന്ന് പേരും അൻപതിൽ കൂടുതലാണെങ്കിൽ അഞ്ച് പേരും, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;

(v) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്നുള്ള രണ്ടുപേർ.

*** *** *** *** ***

(4) ജില്ലാ സ്പോർട്സ് കൗൺസിലിന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റ് ഉണ്ടായിരിക്കേണ്ടതാണ്.

*** *** *** *** ***

(7) യാതൊരാളും മൂന്ന് തവണകളിൽ കൂടുതൽ അംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളതല്ല.

10. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—(1) സംസ്ഥാന സ്പോർട്സ് കൗൺസിൽ ജില്ലാ സ്പോർട്സ് കൗൺസിലിന് അതതു സമയം ഏൽപ്പിച്ചുകൊടുക്കുന്ന അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടത് ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും കർത്തവ്യമാണ്.

(2) ജില്ലാ സ്പോർട്സ് കൗൺസിലിന്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ചുമതലകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(എ) കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ, ഗ്രാമ സ്പോർട്സ് കൗൺസിൽ, ജില്ലയിലെ മറ്റു രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്സ് സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

*** *** *** *** ***

11. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.— (1) ജില്ലാ സ്പോർട്സ് കൗൺസിലിന്, അതിന്റെ ചെയർമാനും പ്രസിഡന്റും, സെക്രട്ടറിയും, ജില്ലാ സ്പോർട്സ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്-ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

*** *** *** *** ***

12. ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ യോഗം.—(1) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലും, ചെയർമാൻ നിശ്ചയിക്കുന്ന തീയതികളിൽ, കുറഞ്ഞത് വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഒന്ന് വാർഷിക യോഗം ആയിരിക്കേണ്ടതുമാണ്.

(2) ചെയർമാന് യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ അടിയന്തരമായി നടത്തേണ്ട കാര്യങ്ങളുടെ നടത്തിപ്പിനായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

(3) നിർണ്ണയിക്കപ്പെടുന്ന നിബന്ധനകൾക്ക് വിധേയമായി, അടിയന്തര പ്രാധാന്യമുള്ള സംഗതികൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗം അപ്രകാരം ആവശ്യപ്പെട്ട് പതിനഞ്ച് ദിവസത്തിനകം അതിന്റെ ചെയർമാൻ വിളിച്ചുകൂട്ടേണ്ടതാണ്.

*** *** *** *** ***

13. ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാന്റെയും പ്രസിഡന്റിന്റെയും അധികാരങ്ങളും ചുമതലകളും.—(1) ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും നിർണ്ണയിക്കപ്പെട്ടാവുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(2) ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, പ്രസിഡന്റ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ചെയർമാൻ അതതു സമയം ഏൽപ്പിച്ചുകൊടുക്കുന്ന അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

14. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി.—(1) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ അംഗീകാരത്തോടെ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സർവ്വീസിലെ സെക്ഷൻ ഓഫീസറുടെ പദവിയിലോ അല്ലെങ്കിൽ വിവിധ വകുപ്പുകളിലെ സമാന പദവിയിലുള്ള തസ്തികകളിലോ അല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ പദവിയിലോ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായി, അതതു സംഗതിപോലെ, ഡെപ്യൂട്ടേഷൻ അഥവാ സെലക്ഷൻ വഴി, നിയമിക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ ഉദ്യോഗസ്ഥരിൽ നിന്ന് തെരഞ്ഞെടുത്ത് നിയമിക്കുന്നതിനായി, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരുടെ അഞ്ചിൽ കൂടുതൽ തസ്തികകൾ നീക്കിവയ്ക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി.,—

*** *** *** *** ***

(iii) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ വരവുചെലവു കണക്കുകൾ വച്ച് പോരുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതും;

(3) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ നൽകുകയും ചുമത്തുകയും ചെയ്യുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

അദ്ധ്യായം IV

## കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും, മുനിസിപ്പൽ സ്പോർട്സ് കൗൺസിലും, ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും, ഗ്രാമ സ്പോർട്സ് കൗൺസിലും

15. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ മുതലായവയുടെ രൂപീകരണം.—ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും സ്പോർട്സും ഗെയിംസും സംബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്, ജില്ലാ സ്പോർട്സ് കൗൺസിലുകളുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച്, വിജ്ഞാപനം വഴി, അതിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി,—

*** *** *** *** ***

(സി) ഓരോ ടൗൺ പഞ്ചായത്ത് പ്രദേശത്തിനും ഒരു ടൗൺ സ്പോർട്സ് കൗൺസിലും;

(ഡി) ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനും ഒരു ബ്ലോക്ക് സ്പോർട്സ് കൗൺസിലും;

(ഇ) ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനും ഒരു ഗ്രാമ സ്പോർട്സ് കൗൺസിലും;

രൂപീകരിക്കാവുന്നതാണ്.

16. കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ ഘടന.—(1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

*** *** *** *** ***

(ബി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള പോലീസ് കമ്മീഷണർ;

(സി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും);

*** *** *** *** ***

(എച്ച്) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള തഹസീൽദാർ.

*** *** *** *** ***

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ-അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളുമായിരിക്കേണ്ടതാണ്;

*** *** *** *** ***

(2) കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

*** *** *** *** ***

18. <u>മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ ഘടന.</u>—(1) ഓരോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫിഷ്യോ അംഗങ്ങൾ</u>

*** *** *** *** ***

(സി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും);

*** *** *** *** ***

(എച്ച്) മുനിസിപ്പൽ കൗൺസിൽ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

*** *** *** *** ***

(സി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായിക അദ്ധ്യാപകനും.

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

(എ) മുനിസിപ്പൽ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ-അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;

*** *** *** *** ***

(2) മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

*** *** *** *** ***

20. ടൗൺ സ്പോർട്സ് കൗൺസിലിന്റെ ഘടന.—(1) ഓരോ ടൗൺ സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിന്റെ ചെയർപേഴ്സൺ, അദ്ദേഹം അതിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

(ബി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്;

(സി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും);

(ഡി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള, ജില്ലാ മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ;

(ഇ) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ;

(എഫ്) ടൗൺ പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ടൗൺ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയായിരിക്കുന്നതാണ്;

(ജി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള തഹസിൽദാർ;

(എച്ച്) ടൗൺ പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ബി) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(സി) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് കായികാദ്ധ്യാപകർ-അവരിൽ ഒരാൾ കോളേജിൽ നിന്നും മറ്റേയാൾ സ്കൂളിൽ നിന്നും ആയിരിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ-അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;

(ബി) ടൗൺ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും ഔദ്യോഗിക ഭാരവാഹികൾ അവരുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന രണ്ടു പേർ.

(2) ടൗൺ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ ടൗൺ സ്പോർട്സ് കൗൺസിൽ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

21. <u>ടൗൺ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.</u>— ഓരോ ടൗൺ സ്പോർട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും, അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും-അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്-ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

22. <u>ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെ ഘടന.</u>—(1) ഓരോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലും, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫിഷ്യോ അംഗങ്ങൾ</u>

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ്, അദ്ദേഹം ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(സി)ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെ ആസ്ഥാനത്ത് അധികാരിതയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ;

(ഡി) ബ്ലോക്ക് സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിതയുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും);

(ഇ) ബ്ലോക്ക് സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിതയുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സീനിയർ മെഡിക്കൽ ഓഫീസർ;

(എഫ്)ബ്ലോക്ക് സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ;

(ബി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(സി) ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ-അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;

(ബി) ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും പ്രസിഡന്റുമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർ.

(2) ബ്ലോക്ക് സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതാണ്.

(3) വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ ബ്ലോക്ക് സ്പോർട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

23. ബ്ലോക്ക് സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി.—ഓരോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്-ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

24. ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ ഘടന.—(1) ഓരോ ഗ്രാമ സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

** ** **

(സി) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ;

(ഡി) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും);

** ** **

(2) ഗ്രാമ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതാണ്.

*** *** *** *** ***

27. <u>കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ മുതലായവയുടെ ചുമതലകൾ.</u>—കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും, മുനിസിപ്പൽ സ്പോർട്സ് കൗൺസിലും, ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും, ഗ്രാമ സ്പോർട്സ് കൗൺസിലും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(എ) സ്പോർട്സ് കൗൺസിലിന് അധികാരിതയുള്ള പ്രദേശത്തെ, രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക;

(ബി) തങ്ങളുടെ അധികാരിതയിലുള്ള പ്രദേശങ്ങളിൽ കായിക മേളകളോ, മത്സരങ്ങളോ, ടൂർണ്ണമെന്റുകളോ സംഘടിപ്പിക്കുക;

(സി) ജില്ലാ സ്പോർട്സ് കൗൺസിൽ ഏൽപ്പിക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

28. <u>കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ മുതലായവയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലെയും ടൗൺ സ്പോർട്സ് കൗൺസിലിലെയും ബ്ലോക്ക് സ്പോർട്സ് കൗൺസിലിലെയും ഗ്രാമ സ്പോർട്സ് കൗൺസിലിലെയും ഓരോ അംഗവും നാമനിർദ്ദേശം ചെയ്ത തീയതി മുതൽ അഞ്ചു വർഷ കാലയളവുവരെ അംഗമായിരിക്കാവുന്നതാണ്:

എന്നാൽ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ എന്നിവയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളുടെ കാലാവധി അവരുടെ നാമനിർദ്ദേശ തീയതി മുതൽ ഒരു വർഷം ആയിരിക്കുന്നതാണ്.

*** *** *** *** ***

29. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ മുതലായവയുടെ യോഗം.—(1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും, മുനിസിപ്പൽ സ്പോർട്സ് കൗൺസിലും, ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും, ഗ്രാമ സ്പോർട്സ് കൗൺസിലും വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

*** *** *** *** ***

30. തർക്കപരിഹാര സമിതികളുടെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരമുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച്, രണ്ടോ അതിലധികമോ ജില്ലാ സ്പോർട്സ് കൗൺസിലുകൾ തമ്മിലോ അല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലും ഒന്നോ അതിലധികമോ ജില്ലാ സ്പോർട്സ് കൗൺസിലുകളും തമ്മിലോ അല്ലെങ്കിൽ ജില്ലാ സ്പോർട്സ് സംഘടനയും അതിന്റെ മാതൃ സംസ്ഥാന സംഘടനയും തമ്മിലോ ഉണ്ടാകുന്ന തർക്കം പരിഹരിക്കുന്നതിന് ഒരു സംസ്ഥാന തർക്ക പരിഹാര സമിതി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന തർക്കപരിഹാര സമിതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സ്പോർട്സ് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(സി) ഒരു സ്പോർട്സ് വിദഗ്ദ്ധൻ;

(3) ജില്ലാ കളക്ടർ, ഓരോ റവന്യൂ ജില്ലയ്ക്കും വേണ്ടി, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരമുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലും സ്പോർട്സ് താരവും തമ്മിലോ രണ്ടോ അതിലധികമോ സ്പോർട്സ് താരങ്ങൾ തമ്മിലോ രണ്ടോ അതിലധികമോ സ്പോർട്സ് സംഘടനകൾ തമ്മിലോ ഒരു സ്പോർട്സ് സംഘടനയ്ക്ക് കീഴിലുള്ള സ്പോർട്സ് ക്ലബ്ബുകൾ തമ്മിലോ ഏതെങ്കിലും ഒരു പ്രത്യേക സ്പോർട്സ് സംഘടനയുടെ ഭാരവാഹികളും ജില്ലയിലെ സ്പോർട്സ് താരങ്ങളും തമ്മിലോ ഉണ്ടാകുന്ന തർക്കം പരിഹരിക്കുന്നതിനായി നാമനിർദ്ദേശം മുഖേന ഒരു ജില്ലാതല തർക്കപരിഹാര സമിതി രൂപീകരിക്കേണ്ടതാണ്.

(4) ജില്ലാതല തർക്കപരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലയിലെ ഒരു ഡെപ്യൂട്ടി കളക്ടർ-ചെയർമാൻ;

(ബി) കുറഞ്ഞത് മൂന്ന് വർഷം ബാർ പ്രാക്റ്റീസുള്ള പ്രാക്റ്റീസ് ചെയ്തുവരുന്ന ഒരു അഭിഭാഷകൻ;

(സി) സംസ്ഥാന-ദേശീയ തലത്തിലെ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളതോ അംഗീകാരം നേടിയിട്ടുള്ളതോ ആയ ജില്ലയിലെ ഒരു സ്പോർട്സ് താരം.

(5) (3)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാതല തർക്കപരിഹാര സമിതിയുടെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സ്പോർട്സ് സംഘടനയ്ക്കും സ്പോർട്സ് ക്ലബ്ബിനും സ്പോർട്സ് കൗൺസിലിനും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും സംസ്ഥാന തർക്കപരിഹാര സമിതി മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(6) ഈ വകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് അതത് സംഗതിപോലെ, സംസ്ഥാന തർക്ക പരിഹാര സമിതിക്ക് അഥവാ ജില്ലാതല തർക്കപരിഹാര സമിതികൾക്ക്, ഒരു വ്യവഹാരത്തിന്റെ വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കോടതിക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും പ്രസ്തുത സമിതികളുടെ ഉത്തരവുകൾക്ക് ഒരു സിവിൽ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതും ആയത് അധികാരിതയുള്ള സിവിൽ കോടതി മുഖേന നടപ്പാക്കാവുന്നതുമാണ്.

(7) സംസ്ഥാന തർക്കപരിഹാര സമിതിയിലും ജില്ലാതല തർക്കപരിഹാര സമിതിയിലും തർക്കങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(8) 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 12) പ്രാബല്യത്തിൽ വന്ന തീയതിക്ക് മുൻപ് ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ തീർപ്പാകാതെ നിലവിലുണ്ടായിരുന്ന എല്ലാ തർക്കങ്ങളും പ്രസ്തുത തീയതിയിൽ സംസ്ഥാന തർക്കപരിഹാര സമിതിയിലേക്ക് കൈമാറിയതായി കരുതപ്പെടുന്നതാണ്.

(9) സംസ്ഥാന തർക്കപരിഹാര സമിതി പുറപ്പെടുവിക്കുന്ന ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അല്ലെങ്കിൽ കക്ഷിക്കും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

31. സ്പോർട്സ് സംഘടനകളുടെ രജിസ്ട്രേഷൻ.—(1) സംസ്ഥാനതലത്തിലോ ജില്ലാ തലത്തിലോ പ്രവർത്തനം നടത്തുന്ന ഏതൊരു സ്പോർട്സ് സംഘടനയും ഈ ആക്റ്റിൻ കീഴിൽ ഒരു അംഗീകൃത സംഘടനയായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാവുന്നതും, അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരു അപേക്ഷയും അതിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന ജില്ലയിലെ ജില്ലാ സ്പോർട്സ് കൗൺസിലിന്, (1എ) ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(1എ) ഒരു സ്പോർട്സ് സംഘടനയുടെ രജിസ്ട്രേഷന് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും നിബന്ധനകൾ പാലിക്കേണ്ടതുമാണ്, അതായത്:—

** ** **

(iv) ഭാരവാഹികളുടെ ഔദ്യോഗിക കാലാവധി നാല് വർഷമുള്ള ഒരു തവണയായിരിക്കുന്നതും അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത വോട്ടുകൾ കരസ്ഥമാക്കിയിട്ടുള്ളപക്ഷം ഭാരവാഹികൾക്ക് ഇതിന് സമാനമായ തവണ അല്ലെങ്കിൽ കാലത്തേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഭാരവാഹികൾ പന്ത്രണ്ട് വർഷം അല്ലെങ്കിൽ 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്കുശേഷം എൺപത് വയസ്സ് പൂർത്തിയാകൽ ഇതിൽ ഏതാണോ ആദ്യം, അതിൽ കൂടുതൽ കാലം ഔദ്യോഗിക പദവി വഹിക്കാൻ പാടുള്ളതല്ല;

*** *** *** *** ***

(xvi) വർഷത്തിൽ ഒരിക്കലെങ്കിലും ജനറൽബോഡി യോഗവും, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഉൾപ്പെടുന്ന സ്പോർട്സ് കൗൺസിലിന്റെ നിർവ്വാഹക സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി, ഭാരവാഹികളുടെ ഔദ്യോഗിക കാലാവധിക്കനുസൃതമായി നാല് വർഷം കൂടുമ്പോഴോ അതിനുമുമ്പോ ഒരു പ്രത്യേക യോഗവും, വിളിച്ചുകൂട്ടേണ്ടതാണ്;

*** *** *** *** ***

(xx) എല്ലാ സ്പോർട്സ് സംഘടനകളുടെയും സെക്രട്ടറിമാർ സംസ്ഥാനതലത്തിലെങ്കിലും അതത് സ്പോർട്സ് ഇനങ്ങളിൽ പങ്കെടുത്തിട്ടുള്ളവരും കായികരംഗത്ത് സജീവമായി തുടരുന്നതോ അല്ലെങ്കിൽ വിരമിച്ചതോ ആയ കായികതാരം ആയിരിക്കേണ്ടതുമാണ്.

(2) ജില്ലാ സ്പോർട്സ് കൗൺസിൽ അപേക്ഷ പരിഗണിക്കേണ്ടതും അംഗീകാരം നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം ആ അപേക്ഷ, അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ശുപാർശയുമായി, അപേക്ഷ കിട്ടിയ തീയതി മുതൽ നാൽപത്തിയഞ്ച് ദിവസത്തിനകം സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള കാലാവധിക്കുള്ളിൽ അപ്രകാരം ശുപാർശ സഹിതം അപേക്ഷ സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയയ്ക്കാതിരിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്താൽ അപേക്ഷ ലഭിച്ച് നാൽപത്തിയഞ്ച് ദിവസത്തിനകം ജില്ലാ സ്പോർട്സ് കൗൺസിൽ വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അറിയിപ്പ് കിട്ടിയാൽ മുപ്പത് ദിവസത്തിനകം അപേക്ഷകന് അപ്രകാരമുള്ള അപേക്ഷ നേരിട്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കാവുന്നതാണ്.

(5) (2)-ാം ഉപവകുപ്പുപ്രകാരമോ (4)-ാം ഉപവകുപ്പുപ്രകാരമോ ലഭിക്കുന്ന അപേക്ഷ സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പരിഗണിക്കേണ്ടതും, രജിസ്ട്രേഷൻ നൽകേണ്ടതാണെന്ന് അതിന് ബോദ്ധ്യപ്പെടുന്നപക്ഷം, പ്രസ്തുത സ്പോർട്സ് സംഘടനയെ അതതുസംഗതിപോലെ, അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയായോ അംഗീകൃത ജില്ലാ സ്പോർട്സ് സംഘടനയായോ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(6) ഒരു സ്പോർട്സ് സംഘടന രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച്, അതതുസംഗതിപോലെ, ജില്ലാ സ്പോർട്സ് കൗൺസിലിന്റെയോ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും, യഥാക്രമം ജില്ലാതല തർക്കപരിഹാര സമിതിയിൽ അഥവാ സംസ്ഥാന തർക്കപരിഹാര സമിതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

*** *** *** *** ***

31 എ സ്പോർട്സ് സംഘടനകളുടെ അംഗീകാരം പിൻവലിക്കൽ അല്ലെങ്കിൽ സസ്പെൻഷൻ.—(1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, ഒരു അംഗീകൃത സ്പോർട്സ് സംഘടനയുടെ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന ഏതെങ്കിലും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നപക്ഷം, ആ സ്പോർട്സ് സംഘടനയുടെ അംഗീകാരം, പൂർണ്ണവും സമഗ്രവുമായ ഒരു അന്വേഷണം നടത്തുന്നതുവരെ, ഇടക്കാല നടപടിയായി സസ്പെന്റ് ചെയ്യാവുന്നതാണ്, അതായത്:—

*** *** *** *** ***

(3) ഈ വകുപ്പ് പ്രകാരം അംഗീകാരം റദ്ദാക്കപ്പെട്ട ഒരു സംഘടനയുടെ ഭാരവാഹിക്ക് മറ്റേതെങ്കിലും സ്പോർട്സ് സംഘടനയുടെ ഭാരവാഹിയാകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

32. സ്പോർട്സ് താരങ്ങളുടെ രജിസ്ട്രേഷൻ.—(1) ഏതൊരു സ്പോർട്സ് താരത്തിനും ജില്ലാ സ്പോർട്സ് കൗൺസിലിൽ ഒരു സ്പോർട്സ് താരമായി രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും അങ്ങനെയുള്ള രീതിയിലും ജില്ലാ സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

*** *** *** *** ***

(3) ഏതെങ്കിലും സ്പോർട്സ് താരത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച്, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഏതെങ്കിലും തീരുമാനത്തിൻമേൽ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും ജില്ലാതല തർക്കപരിഹാര സമിതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

*** *** *** *** ***

37. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ മുതലായവയ്ക്കുവേണ്ടി നിധികളുടെ രൂപീകരണം.—(1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും അതതുസംഗതിപോലെ, അതിന്റെ പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും അതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭിക്കുന്ന തുകയ്ക്ക് പുറമെ ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ലഭിക്കുന്ന തുകയും വരവ് വയ്ക്കേണ്ടതുമാണ്.

*** *** *** *** ***

38. ബഡ്ജറ്റ്.—(1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും, ഓരോ വർഷവും, അടുത്ത സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന വരവ് ചെലവുകളുടെ പ്രസ്തുത വർഷത്തേക്കുള്ള ഒരു ബഡ്ജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള സമയത്തും, തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

*** *** *** *** ***

41. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം.—(1) ഈ ആക്റ്റ് പ്രകാരം തീർപ്പാക്കേണ്ടുന്ന അപ്പീലുകളിമേൽ തീരുമാനം എടുക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ, ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ രൂപീകരിക്കേണ്ടതാണ്.

*** *** *** *** ***

42. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ജില്ലാതല തർക്ക പരിഹാര സമിതിയോ സംസ്ഥാന തർക്കപരിഹാര സമിതിയോ അപ്പലേറ്റ് ട്രൈബ്യൂണലോ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ പ്രശ്നമോ മറ്റ് സംഗതികളോ സംബന്ധിച്ച് യാതൊരു വ്യവഹാരമോ, മറ്റ് നിയമ നടപടികളോ യാതൊരു സിവിൽ കോടതിയിലും നിലനിൽക്കുന്നതല്ല.

*** *** *** *** ***

45. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, മുൻകാലപ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

*** *** *** *** ***

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിൽ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ, ഗ്രാമ സ്പോർട്സ് കൗൺസിൽ എന്നിവയിലെ അംഗങ്ങളുടെ രാജിയും തന്മൂലമുണ്ടാകുന്ന ഒഴിവുകളുടെയും മറ്റ് ആകസ്മിക ഒഴിവുകളുടെയും നികത്തലും;

*** *** *** *** ***

(ഇ) സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിൽ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ, ഗ്രാമ സ്പോർട്സ് കൗൺസിൽ എന്നിവയുടെ യോഗം വിളിച്ചുകൂട്ടേണ്ട രീതിയും അപ്രകാരമുളള യോഗത്തിന്റെ നടപടിക്രമങ്ങളും ബന്ധപ്പെട്ട മറ്റ് സംഗതികളും;

*** *** *** *** ***

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയുടെയും അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ സെക്രട്ടറിമാരുടെയും നിർവ്വാഹക സമിതിയുടെയും അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും;

*** *** *** *** ***